പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2457 19.03.2015 - ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികളിലെ രോഗി-നഴ്സ് അനുപാതം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ** | **ശ്രീ. വി.എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സർക്കാർ മെഡിക്കൽ കോളേജുകളുൾപ്പെടെയുള്ള ആശുപത്രികളിൽ രോഗി-നഴ്സസ് അനുപാതം നിലവിൽ എത്രയെന്ന് വ്യക്തമാക്കാമോ ; | എ) | 1961-ൽ നിലവിൽ വന്ന അനുപാത പ്രകാരം, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവടങ്ങളിൽ രോഗി നഴ്സ് അനുപാതം 4:1-ഉം, താലൂക്ക് ആശുപത്രികളിൽ 6:1 ഉം, കാഷ്വാൽറ്റി, ഓപ്പറേഷൻ തീയേറ്റർ, ലേബർ റൂം, ഐ.സി.യു എന്നിവിടങ്ങളിൽ 1:1-ഉം ആണ്. |
| ബി) | ഈ അനുപാതം സർക്കാർ പാലിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ; | ബി) | ഈ അനുപാതം നിലവിൽ വന്നത് 1961-ലാണ്. അതിനു ശേഷം, രോഗികൾ, ഐ.സി.യു കൾ, ഓപ്പറേഷൻ തീയേറ്ററുകൾ എന്നിവയുടെ എണ്ണത്തിൽ വർദ്ധനവുണ്ടായി. കൂടാതെ, 3 ഷിഫ്റ്റ് സമ്പ്രദായം നടപ്പിൽ വരുത്തുകയും ചെയ്തു. അതിനനുസൃതമായി സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കേണ്ടതുണ്ട്. |
| സി) | മെഡിക്കൽ കോളേജ് ഉൾപ്പെടെ സർക്കാർ ആശുപത്രികളിൽ നഴ്സുമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ; വ്യക്തമാക്കാമോ ; | സി) | ആരോഗ്യ വകുപ്പിന് കീഴിൽ നിലവിലുള്ള ഒഴിവുകൾ:<br>1. ഹെഡ് നഴ്സ് - 70<br>2. സ്റ്റാഫ് നഴ്സ് ഗ്രേഡ്-I - 250<br>3. സ്റ്റാഫ് നഴ്സ് ഗ്രേഡ്-II - 44<br><br>സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിലും അനുബന്ധ ആശുപത്രികളിലുമായി 841 ഒഴിവുകൾ നിലവിലുണ്ട്. വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| ഡി | ഈ ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഒഴിവുകളാണ് പി.എസ്.സി- ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | ഡി) | ആരോഗ്യ വകുപ്പിന് കീഴിലുള്ള എല്ലാ ഒഴിവുകളും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള 798 ഒഴിവുകളും പി.എസ്.സി- ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## ESTABLISHMENT DETAILS OF STAFF NURSES AS ON 01.02.2015

| Sl.No. | College | SAN | EXI | VAC |
|---|---|---|---|---|
| 1 | MCT | 629 | 372 | 257 |
| 2 | MCA | 304 | 187 | 117 |
| 3 | MCK | 352 | 208 | 144 |
| 4 | MCTCR | 414 | 115 | 199 |
| 5 | MCC | 550 | 429 | 121 |
| 6 | DCT | 5 | 5 | 0 |
| 7 | DCK | 5 | 5 | 0 |
| 8 | DCC | 7 | 7 | 0 |
| 9 | DCA | 3 | 0 | 3 |
| Grand Total | | 2269 | 1328 | 841 |

സെക്ഷൻ ഓഫീസർ